## പതിമൂന്നാം കേരള നിയമസഭ
### പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.4547 — 26.06.2014-ൽ മറുപടിയ്ക്ക്

## പൊതുമരാമത്ത് ജോലികളുടെ ഗുണനിലവാരം പരിശോധിക്കുന്നതിന് ലാബുകൾ

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. ഷാഫി പറമ്പിൽ**<br>**,, തേറമ്പിൽ രാമകൃഷ്ണൻ**<br>**,, ഹൈബി ഈഡൻ**<br>**,, അൻവർ സാദത്ത്** | **ശ്രീ.വി.കെ. ഇബ്രാഹിം കുഞ്ഞ്**<br>(പൊതുമരാമത്ത് വകുപ്പുമന്ത്രി) |
| (എ) പൊതുമരാമത്ത് ജോലികളുടെ ഗുണനിലവാരം പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകുന്നതിന് എന്തെല്ലാം സംവിധാനങ്ങളാണ് ഗുണനിലവാര പരിശോധനാ ലാബുകളിൽ ഒരുക്കിയിട്ടുള്ള തെന്ന് വിശദമാക്കുമോ ; | (എ) പൊതുമരാമത്ത് ഗുണനിലവാര പരിശോധനാ ലാബുകളിൽ നിർമ്മാണ വസ്തുക്കളായ സിമന്റ്, അഗ്രിഗേറ്റ്, ബിറ്റുമെൻ, ബിറ്റുമെൻ മിശ്രിതം, സ്റ്റീൽ, കോൺക്രീറ്റ്, മണ്ണ് എന്നിവയുടെ ഗുണ നിലവാരം പരിശോധിക്കാനുള്ള ഉപകരണ ങ്ങൾ സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ വർക്ക് സൈറ്റുകളിൽ പരിശോധന നടത്തി സർട്ടിഫിക്കറ്റ് നൽകുന്നതിലേയ്ക്കായി കോൺക്രീറ്റ്, ബിറ്റുമെൻ മിശ്രിതം, എർത്ത് വർക്ക് എന്നിവയുടെ ഫീൽഡ് ടെസ്റ്റുകൾ നിർവഹിക്കാനുള്ള സംവിധാനങ്ങളും സജ്ജ മാക്കിയിട്ടുണ്ട്.<br><br>ദേശീയപാത ജോലികളുടെ ഗുണനിലവാര പരിശോധനയ്ക്ക് ആവശ്യമായ എല്ലാ സംവിധാനങ്ങളോടും കൂടിയ ലബോറട്ടറി സംവിധാനങ്ങൾ കരാർ പ്രകാരം സൈറ്റിൽ കോൺട്രാക്ടർ സ്ഥാപിക്കേണ്ടതാണ്.ടാറിംഗ് പ്രവൃത്തികൾ ഉള്ള സ്ഥലങ്ങളിൽ പ്ലാന്റ് സൈറ്റിലും, റോഡുകളിലും എത്തി ബിറ്റുമിൻ എക്സ്ട്രാക്ടർ. സീവ്സ്, തെർമോ മീറ്റർ എന്നിവ ഉപയോഗിച്ച് ടാറിന്റെ അളവ്, മെറ്റീരിയലുകളുടെ ഗുണനിലവാരം, ചൂട്, ഘനം എന്നിവ പരിശോധിച്ച് ഗുണനിലവാരം ഉറപ്പുവരുത്തുന്നു. |

| | | | |
|---|---|---|---|
| (ബി) | എവിടെയെല്ലാമാണ് ഇത്തരം ലാബുകൾ പ്രവർത്തിച്ചുവരുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ? | (ബി) | കേരളത്തിലെ 14 ജില്ലകളിലും ഓരോ ഗുണനിലവാര പരിശോധനാ ലാബ് സജ്ജമാക്കിയിട്ടുണ്ട്.<br>ഗുണനിലവാര പരിശോധനയുടെ മാർഗ്ഗനിർദ്ദേശത്തിനായി ക്വാളിറ്റി കൺട്രോൾ മാന്വലും, ലാബ് മാന്വലും തയ്യാറാക്കുന്ന നടപടികൾ അന്തിമഘട്ടത്തിലാണ്. സംസ്ഥാനത്ത് ഏറ്റെടുത്ത് നടത്തുന്ന എല്ലാ പ്രവൃത്തികളിലും ഗുണനിലവാര പരിശോധനയും ബിൽ മാറുന്നതിന് മുമ്പ് ഗുണനിലവാര സർട്ടിഫിക്കറ്റുകളും ഉറപ്പു വരുത്തണമെന്ന് നിഷ്ക്കർഷിച്ചിട്ടുണ്ട്. ദേശീയപാത നിർമ്മാണ പ്രവർത്തനങ്ങളിൽ ബന്ധപ്പെട്ട എഞ്ചിനീയർമാർക്കു പുറമേ കേന്ദ്ര മന്ത്രാലയത്തിന്റെ എഞ്ചിനീയർമാരും പരിശോധന നടത്തി ഗുണനിലവാരം ഉറപ്പു വരുത്താറുണ്ട്. |

**സെക്ഷൻ ഓഫീസർ**